# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1483

22/03/2013 - ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ കൃഷിനാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിലെ കൃഷി നാശം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (എ) | ശേഖരിച്ചിട്ടുണ്ട്. 2012-2013 ഖാരിഫ് സീസണിലും റാബി സീസണിലും ചേർത്ത് ആകെ 54.39 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ബി) കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കൃഷി നാശത്തിന്റെ കണക്കുകൾ ശേഖരിച്ച്, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സംസ്ഥാന ദുരന്തനിവാരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചുവരുന്നു. കൂടാതെ വിളഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പൂർണ്ണമായി നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 15,240 കിലോ നെൽവിത്ത് സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന നൽകിയിട്ടുണ്ട്. |
| (സി) ഏതെല്ലാം വിളകൾക്കാണ് ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നത്; | (സി) | വരൾച്ച ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന വിളകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പാലക്കാട് ജില്ലയിൽ കൃഷിനാശ ത്തിന് നഷ്ടപരിഹാരം നൽകാൻ എത്ര തുകയാണ് നീക്കിവച്ചിട്ടുളള തെന്ന് വ്യക്തമാക്കുമോ? | (ഡി) | വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി ശേഖരിച്ചുവരുന്നു. ഈ അപേക്ഷകൾ പരിശോധിച്ച ശേഷം നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.097 കോടി രൂപ കൃഷി ഉൾപ്പെടെ വിവിധ മേഖലകൾക്കായി അധിക സാമ്പത്തിക സഹായമായി ലഭിക്കാൻ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചി ട്ടുണ്ട്. ഇതിനു പുറമേ സ്പെഷ്യൽ പാക്കേജായി 3936.81 കോടി രൂപയുടെ സഹായവും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വിള | നഷ്ടപരിഹാര തുക |
|---|---|
| നെല്ല് (ഹെക്ടറിന്) | 1,0000 |
| തെങ്ങ് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 700 |
| തെങ്ങ് (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 350 |
| തെങ്ങ് (ഒരു വർഷം വരെ പ്രായമായത് 1 എണ്ണത്തിന്) | 100 |
| വാഴ കുലച്ചത് (1 എണ്ണത്തിന്) | 100 |
| വാഴ കുലയ്ക്കാത്തത് (1 എണ്ണത്തിന്) | 75 |
| റബ്ബർ ടാപ്പ് ചെയ്യുന്നത് (1 എണ്ണത്തിന്) | 300 |
| റബ്ബർ ടാപ്പ് ചെയ്യാത്തത് (1 എണ്ണത്തിന്) | 200 |
| കശുമാവ് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 150 |
| കശുമാവ് (കായ്ഫലമില്ലാത്ത മൂന്നു വർഷത്തിൽ കൂടുതൽ പ്രായമുള്ളത് 1 എണ്ണത്തിന്) | 100 |
| കമുക് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 150 |
| കമുക് (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 100 |
| കൊക്കോ (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 100 |
| കാപ്പി (1 എണ്ണത്തിന്) | 100 |
| കുരുമുളക് (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 75 |
| ഇഞ്ചി (10 സെന്റിന്) | 150 |
| മഞ്ഞൾ (10 സെന്റിന്) | 120 |
| മരച്ചീനി (25 സെന്റിന്) | 150 |
| നിലക്കടല (ഹെക്ടറിന്) | 2,000 |
| എള്ള് | 1,200 |
| പച്ചക്കറി (10 സെന്റിന്) | 200 |
| ജാതി (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 400 |
| ജാതി (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 150 |
| ഗ്രാമ്പൂ (കായ്ഫലമുള്ളത് 1 എണ്ണത്തിന്) | 200 |
| ഗ്രാമ്പൂ (കായ്ഫലമില്ലാത്തത് 1 എണ്ണത്തിന്) | 100 |
| ഏലം (ഹെക്ടറിന്) | 2,500 |
| വെറ്റില (1 സെന്റിന്) | 300 |
| പയറുവർഗ്ഗങ്ങൾ ഹെക്ടറിന് | 1,000 |
| കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന തുടങ്ങിയവ 10 സെന്റിന്) | 150 |
| കരിമ്പ് (ഹെക്ടറിന്) | 2,500 |
| കൈതച്ചക്ക (10 സെന്റിന്) | 750 |
| തീറ്റപ്പുല്ല് (10 സെന്റിന്) | 150 |
| മൾബറി (50 സെന്റിന്) | 750 |
| പുകയില (10 സെന്റിന്) | 1,500 |
| പരുത്തിച്ചെടി (10 സെന്റിന്) | 300 |

സെക്ഷൻ ഓഫീസർ